# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6358 — 31.10.2011-ൽ മറുപടിക്ക്

## കായികവികസനത്തിന് സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കായിക വികസനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) കേരളത്തിലെ കായിക വികസനം ലക്ഷ്യമാക്കി സർക്കാർ അന്തർദ്ദേശീയ കായിക താരവും അർജ്ജുന അവാർഡ് ജേതാവുമായ ശ്രീമതി പത്മിനി തോമസിനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡണ്ടായും അന്തർദ്ദേശീയ വോളിബാൾ കായികതാരമായ ശ്രീ. പി.എസ്. അബ്ദുൾറസാഖിനെ സെക്രട്ടറിയുമായി നിയമിച്ചിട്ടുണ്ട്.<br>ശ്രീമതി ബോബി അലോഷ്യസ് അസിസ്റ്റന്റ് സെക്രട്ടറി (ടെക്നിക്കൽ) ആയി ചാർജ്ജെടുത്തിട്ടുണ്ട്. ഇവർ കേരളത്തിലെ കായിക താരങ്ങൾക്ക് ഹൈജംപിൽ വിദഗ്ധപരിശീലനം നൽകുന്നതാണ്.<br>കേരളത്തിലെ കായിക താരങ്ങൾക്ക് ദേശീയ മത്സരത്തിന് മുന്നോടിയായി നടത്തുന്ന പരിശീലന ക്യാമ്പിന് 75 രൂപ ദിനബത്തയായി നൽകിയിരുന്നത് 150 രൂപയായും മത്സര ദിവസങ്ങളിലും യാത്രാ വേളയിലും 100 രൂപ ദിനബത്ത നൽകിയിരുന്നത് 200 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി.<br>സ്പോർട്സ് ഹോസ്റ്റൽ കായിക താരങ്ങൾക്ക് നൽകാനുള്ള കിറ്റുകളും കായിക ഉപകരണങ്ങളും വിതരണം ചെയ്യുകയുണ്ടായി.<br>സ്പോർട്സ് ഹോസ്റ്റലിലെ എല്ലാ കായിക താരങ്ങൾക്കും ഐഡന്റിറ്റി കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.<br>പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളത്തിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കുകയും ക്ലോറിനേഷൻ ആരംഭിക്കുകയുമുണ്ടായി. |

കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി വിദേശ നിർമ്മിത സൈക്കിളുകളും മറ്റ് കായിക ഉപകരണങ്ങളും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മുടങ്ങി കിടക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണം അടിയന്തിരമായി ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ രംഗത്തെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ പൊതുകളിക്കളങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ബി) പൊതു കളിസ്ഥലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി തുക സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും കണ്ടെത്തുന്നതാണ്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് പൊതുകളിക്കളങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ